വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) യഥാസമയം പദ്ധതി ചെലവുകളുടെ വകുപ്പുതല അവലോകനം നടത്താതിരുന്നതിന്റെ പേരിൽ കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ വൻതുക പാഴായി എന്ന വസ്തുത കണക്കിലെടുത്ത് ഇത് പരിഹരിക്കാൻ ഈ വർഷം എന്തൊക്കെ നടപടികൾക്കാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇങ്ങനെയൊരു വിലയിരുത്തൽ ആസൂത്രണ ബോർഡ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാന പദ്ധതി അടങ്കലിന്റെ 87 ശതമാനവും കേന്ദ്രാവിഷ്കൃത പദ്ധതികൾ അടക്കമുള്ള പദ്ധതി ചെലവിന്റെ 90 ശതമാനവും ചെലവഴിക്കപ്പെട്ട സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

2006-07 മുതൽ 2010-11 വരെയുള്ള പദ്ധതി തുക

12 (18) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 മുതൽ 2010-11 വരെ ഓരോ വർഷവും ഉള്ള പ്ലാൻ ഫണ്ട് അലോക്കേഷൻ എത്രയാണ് ; ഈ വർഷങ്ങളിൽ അഡീഷണൽ അലോക്കേഷൻ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) ഇതിൽ ഓരോ വർഷവും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് ; അത് എത്ര ശതമാനം ; ഫിസിക്കൽ അച്ചീവ്മെന്റ് എത്ര ശതമാനം ;

(സി) ഈ കാലയളവിൽ കേന്ദ്ര പദ്ധതികൾക്ക് അധിക സഹായ മുൾപ്പെടെ പ്രതിവർഷം ലഭിച്ച തുകയെത്ര ; അതിൽ ചെലവഴിച്ചതെത്ര ; എത്ര ശതമാനം നേട്ടമുണ്ടാക്കാനായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) (തുക രൂപ കോടയിൽ)

വർഷം	അലോക്കേഷൻ
2006-07	6210.00
2007-08	6950.00
2008-09	7700.47
2009-10	8920.00
2010-11	10025.00

ഈ വർഷങ്ങളിൽ അഡീഷണൽ അലോക്കേഷൻ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

വർഷം	ചെലവഴിച്ച തുക (കോടി രൂപയിൽ)	ശതമാനത്തിൽ	ഫിസിക്കൽ അച്ചീവ്മെന്റ് %
2006-07	4785.31	77	77
2007-08	5690.40	82	82
2008-09	7142.54	93	93
2009-10	7774.08	90	90
2010-11	3708.79*	37	37

*2010 നവംബർ 30 വരെ.

(സി)

വർഷം	കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക (തുക രൂപ കോടിയിൽ)	ചെലവഴിച്ചത്	നേട്ടം ശതമാനത്തിൽ
2006-07	642.91	549.79#	86
2007-08	1013.25	922.39#	91
2008-09	1667.80	1627.98#	98
2009-10	1054.27	1505.03*	143
2010-11	407.57	602.78*	148

* താല്ക്കാലിക കണക്ക്

* * 30-11-2010 വരെയുള്ള താല്ക്കാലിക കണക്ക്

#എ ജി യുടെ അന്തിമ കണക്ക്

വ്യാജ നിയമനം തടയാൻ നടപടി

13 (20) ശ്രീ. പി. കൃഷ്ണ പ്രസാദ് :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ വ്യാജ ഉത്തരവുകൾ തയ്യാറാക്കി ചിലർ ജോലി നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly